# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*401 20.10.2016 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി. അനിൽ കുമാർ<br>,, പി.ടി. തോമസ്<br>,, എം. വിൻസെന്റ്<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ആഡിറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;<br><br>ബി) പൊതുമരാമത്ത് വിഭാഗം നിർമ്മിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുവാൻ സോഷ്യൽ ഓഡിറ്റിംഗ് സഹായകരമാകുമോ; വിശദമാക്കുമോ; | എ) & ബി) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽ നിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയും. കമ്മിറ്റിയിൽ സാങ്കേതിക വിദഗ്ധർ ഉള്ളതിനാൽ ഇത് ഉറപ്പുണ്ട്. ആലപ്പുഴയിലാണ് ഈ സർക്കാർ ആദ്യമായി ഇത് വിജയകരമായി |

നടപ്പാക്കിയത്. ഇത് സംസ്ഥാന – ജില്ലാ - മണ്ഡല തലങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

| | | |
|---|---|---|
| സി) | സോഷ്യൽ ഓഡിറ്റിംഗിൽ ക്രമക്കേട് കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) സോഷ്യൽ ഓഡിറ്റിംഗിൽ ക്രമക്കേട് കണ്ടെത്തിയാൽ സർക്കാരിന്റെ ഒരു അംഗീകൃത വിദഗ്ധ ഏജൻസിയെക്കൊണ്ട് ക്രമക്കേടുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഏജൻസിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ